# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## (രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

## മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

## 2015-16

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.8-459 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.
ഫോൺ നമ്പർ-04912 520145.
email:dopkd.ksad@kerala.gov.in.

തീയതി. 20.05.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.8-459 /2017 തിയ്യതി: 20.05.2017.

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 12-2-2016 മുതൽ 3-2-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4-2-2017 മുതൽ 11-2-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുസ്മിത.കെ.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുജാത.എ |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു രാധാകൃഷ്ണൻ | 1-4-2015 മുതൽ 10-10-2015 വരെ |
| | ഭരണനിർവഹണകമ്മിറ്റി | 11.10.2015മുതൽ 19.11.15 വരെ |
| | ശ്രീ.കെ.പി.മൊയ്തു | 19.11.15 മുതൽ 31.3.16 |
| സെക്രട്ടറി | ശ്രീ.ബാലചന്ദ്രൻ.ഇ | 1-4-2015 മുതൽ 4-05-2015 വരെ |
| | ശ്രീ.മോഹനകുമാരൻ.എം | 4-05-2015മുതൽ 15-09-2015 വരെ & 20-09-2015മുതൽ 11-12-2015 വരെ |
| | ശ്രീ.ജോസ്.ടി.കെ. | 16-09-2015മുതൽ 19-09-2015 വരെ |
| | ശ്രീ.അജയകുമാർ.ആർ | 12-12-2015മുതൽ 23.12.2015 വരെ |
| | ശ്രീ.അനീഷ്.ജെ.ആലക്കപ്പള്ളി | 24-12-2015 മുതൽ 6.02.2016 വരെ |
| | ശ്രീ.പ്രസന്നകുമാരി.പി.ജി | 7.02.2016 മുതൽ 12.02.2016 വരെ |
| | ശ്രീ.നാരായണൻകുട്ടി.കെ | 13-2-2016 മുതൽ 17-2-2016 വരെ |
| | ശ്രീ.കെ.കെ.ജോസഫ് | 18-2-2016 മുതൽ 31.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| എ.എക്സ്.ഇ. | ശ്രീ.അനീഷ്.ജി.എസ് | 1-4-2015മുതൽ 17-6-2015 വരെ |

| | | |
|---|---|---|
| | ശ്രീ.അനിലകുമാരൻ | 18-6-2015 മുതൽ 31-3-2016 വരെ |
| സി.ഡി.പി.ഓ | ശ്രീമതി.ജിജി ജോർജ് | 1-4-2015മുതൽ - 31-3-2016 വരെ |
| എ.ഡി.എ | ശ്രീ.പി.കെ.കരിം | 1-4-2015 മുതൽ 31-3-2016 വരെ |
| സീനി.വെറ്റിനറി സർജൻ | ശ്രീ.ഷാജി പണിക്കശ്ശേരി | 1-4-2015മുതൽ - 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.കൃഷ്ണനുണ്ണി.പി.എസ് | 1-4-2015മുതൽ – 31-3-16 വരെ |
| എസ്.സി.ഡി.ഓ | ശ്രീ.വേലായുധൻ.പി.സി | 1-4-2015 മുതൽ - 21-5-2015 വരെ &16-6-2015 മുതൽ 24.6.15 വരെ |
| " " | ശ്രീമതി.സി.ഗീത | 22-5-2015 മുതൽ 16-6-2015 വരെ |
| " " | ശ്രീ.കെ.വി.രവിരാജ് | 25-6 -2015മുതൽ 23-2-2016വരെ |
| | ശ്രീ.ഇസ്സുദ്ദീൻ.പി.പി | 24-2-2016 മുതൽ 31-3-16 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 1 6-3-2015 തിയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു.പ്രതീക്ഷിത വരവ് 289755097 രൂപയും ചെലവ് 273485000 രൂപയാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 30-7-2016 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 47522428.87

വരവ് - 225601964

ആകെ - 273124392.87

ചെലവ് - 218975528

നീക്കിയിരിപ്പ് - 54148864.87

## 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | അലോട്ട് മെന്റ് വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 18135115 | 46225000 | 64360115 | 56048613 | 8311502 | 87.09 |
| പ്ലാൻ (എസ്.സി. പി) | 6155460 | 21411000 | 27566460 | 25543966 | 2022494 | 92.66 |

| | | | | | | |
|---|---|---|---|---|---|---|
| പ്ലാൻ (ടി.എസ്. പി) | 0 | 1177000 | 1177000 | 572000 | 605000 | 48.6 |
| എം.ജി (നോൺ റോഡ്) | 4277560 | 6407000 | 10684560 | 5363315 | 5321245 | 50.2 |

സർക്കാർ അലോട്ട് ചെയ്യുന്ന ഗ്രാന്റ് തുക പൂർണ്ണമായും വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2015-16 | 138 | 263957711 | 114 | 89085894 | 24 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 80% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 34 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ | പൂർത്തിയാക്കിയത് |
|---|---|---|---|---|
| പ്ലാൻ (ജ) | 23 | 68 | 91 | 77 |
| പ്ലാൻ (എസ്.സി.പി) | 10 | 25 | 35 | 27 |
| പ്ലാൻ (ടി.എസ്.പി) | 0 | 1 | 1 | 1 |
| എം.ജി | 5 | 12 | 17 | 10 |

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-12-2016 | 2015-16 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-1-15മുതൽ 17-1-15വരെ | 2009-10മുതൽ 2013-14വരെ | 31-3-2015 |

## 1-7 പൊതുവിവരങ്ങൾ

വിസ്തീർണ്ണം – 455.35 ച.കി.മീ
ജനസംഖ്യ – 266689
എസ്.സി – 33625
എസ്.ടി – 1289
വാർഡ് – 17
പഞ്ചായത്ത് – 9
ജീവനക്കാർ – 27

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

2014-15 വർഷത്തിൽ പ്രതിമാസം 5000രൂപ നിരക്കിൽ ഫെയ്ത്ത് ഇൻഡ്യ എന്ന സ്ഥാപനത്തിന് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടം (രജിസ്റ്ററിൽ നം. രേഖപ്പെടുത്തിയിട്ടില്ല). 2015-16 വർഷത്തിലും തുടർന്നു ഉപയോഗിക്കുന്നതിന് പ്രതിമാസം 5000 രൂപ നിരക്കിൽ സ്ഥാപനം ആവശ്യപ്പെട്ടതായും പ്രതിമാസവാടക 6000 രൂപ നിരക്കിൽ വാടകക്ക് നൽകുന്നതിന് 27.7.15 തീയതിയിലെ III 3(3) നം. തീരുമാനപ്രകാരം അംഗീകരിച്ചതായും കാണുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ സ്ഥാപനത്തിൽനിന്ന് വാടകയൊന്നും ഈടാക്കിയിട്ടില്ല. 2015-16 വർഷത്തിൽ ഡിമാന്റ് രജിസ്റ്ററിൽ നിന്ന് ഈ കെട്ടിടത്തെ ഒഴിവാക്കിയിട്ടുണ്ട്. വാടക ഈടാക്കുന്ന 14 കെട്ടിടങ്ങളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഡിമാന്റ് രജിസ്റ്ററിൽ, വാടക ഡിമാന്റ് ചെയ്യേണ്ട എല്ലാ കെട്ടിടങ്ങളുടെയും വിവരം ഉൾപ്പെടുത്തേണ്ടതാണ്. ഡിമാന്റ് രജിസ്റ്ററിൽ ഈ കെട്ടിടങ്ങളുടെ വിവരം ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/9.2.17) മറുപടിയായി വെള്ളത്തിന്റെ അപര്യാപ്തതമൂലം സ്ഥാപനം കെട്ടിടം ഏറ്റെടുക്കുവാൻ തയ്യാറായില്ല എന്നാണ് അറിയിച്ചത്. മറുപടി സാധൂകരിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല . വാടക ഡിമാന്റ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തി

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പൂർണമായും കൃത്യമായും എഴുതി സൂക്ഷിക്കുവാനും ആസ്തികളിൽ നിന്നുള്ള വരുമാനം കൃത്യമായി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് തുക ചെലവഴിച്ചത് പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ള താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ ഫയൽ, അളവുപുസ്തകം, ഫൈനൽബിൽ എന്നിവ പരിശോധിക്കുമ്പോൾ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് പദ്ധതിഫണ്ടിൽനിന്നും തുക വകയിരുത്തി ചെലവഴിച്ച കാണുന്നു. എന്നാൽ 16.11.13ലെ സ.ഉ.(എം.എസ്) നം.362/2013/ത.സ്വ.ഭ.വ പ്രകാരമുള്ള 12-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായല്ല ഈ പ്രവൃത്തി ചെയ്തിരിക്കുന്നത്. ഈ ഉത്തരവു പ്രകാരം പൊതുടാപ്പുകൾ നൽകുവാൻ പാടില്ലാത്തതാണ്. കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം. എന്നാൽ ഇപ്രകാരം ഗാർഹിക കണക്ഷൻ നൽകുമ്പോൾ താഴെ പറയുന്ന സബ്സിഡി മാനദണ്ഡങ്ങൾ,ജനകീയാസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായിട്ടായിരിക്കണം പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്.

- കുടിവെള്ള ഗാർഹിക കണക്ഷൻ സബ്സിഡിക്ക് വാർഷികവരുമാനം 50000/-രൂപയിൽ താഴെയുള്ളവർക്ക് മാത്രമാണ് അർഹത.

- കേരള വാട്ടർ അതോറിറ്റിയുടെ/വാട്ടർ അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽനിന്നായിരിക്കണം കണക്ഷൻ നൽകേണ്ടത്. ആവശ്യത്തിനുള്ള ജലലഭ്യത ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രൊജക്റ്റ് ഏറ്റെടുക്കാവൂ.

- ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകേണ്ടതാണ്. സബ്സിഡിയ്ക്ക് അർഹതയില്ലാത്തവരിൽ നിന്നും മുഴുവൻ തുകയും ഈടാക്കി കണക്ഷൻ ലഭ്യമാക്കണം.

- ഹൌസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം.

- കണക്ഷൻ എടുത്തിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിയ്ക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി നൽകാവുന്നതാണ്.

എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് കുടിവെള്ളപദ്ധതികളോടൊപ്പം ഗാർഹിക കണക്ഷൻ നൽകുന്നതിന് ബ്ലോക്ക്പഞ്ചായത്ത് മുഴുവൻ തുകയും ചെലവഴിച്ചിരിക്കുന്നത്.

*1.വെള്ളാരം കോളനി കുടിവെള്ളപദ്ധതി,അലനെല്ലൂർ ഗ്രാമപഞ്ചായത്ത്*

പ്രൊജക്റ്റ് നം .- 50/16

അടങ്കൽ - 500000/-(പ്ലാൻ SCP)

കരാറുകാരൻ – ശ്രീ.അബ്ദുൾ ഹമീദ്

ബിൽനം. – 86/15-16/26.03.2016-441924/-

അളവുപുസ്തകം – 22/2015-16

ഈ പ്രവൃത്തിയിൽ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | ചെലവ് |
|---|---|---|---|---|
| 1 | Excavation for sockets and dressing of sides ramming of bottoms depth upto 1.5m for individual house connection 42 nos. | 315.5m | 165/m | 52057.5 |
| 2 | Supplying &fixing 25mm PVC pipe 8kg/cm2 conveying and lowering into trenches and placing in position for individual house connection 42 nos. | 315.5m | 31/m | 9780.5 |
| 6 | Supplying &fixing SD tap including all fittings | 43nos. | 2400/ each | 103200 |
| ആകെ | | | | 165038 |

2.വള്ളുവമ്പുഴ കുടിവെള്ളപദ്ധതി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

പ്രൊജക്റ്റ് നം .- 107/16

അടങ്കൽ - 100000/-(പ്ലാൻ ജനറൽ)

കൺവീനർ – ശ്രീ. കാസിം

ബിൽനം. – 75/15-16/14.03.2016-100000/-

അളവുപുസ്തകം – 59/2015-16

ഈ പ്രവൃത്തിയിൽ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | ചെലവ് |
|---|---|---|---|---|
| 7 | Supplying,laying and jointing pvc pipe with tap for each beneficiaries | 3nos. | 1683.76 | 5051.28 |

3.ആലങ്കുന്ന് SCകോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ, കുമരംപുത്തൂർ

പ്രൊജക്റ്റ് നം .- 53/16

അടങ്കൽ - 400000/-(പ്ലാൻ ജനറൽ)

കൺവീനർ – ശ്രീ. മുഹമ്മദാലി

ബിൽനം. – 76/15-16/14.03.2016-400000/-

അളവുപുസ്തകം -58/2015-16

ഈ പ്രവൃത്തിയിൽ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | ചെലവ് |
|---|---|---|---|---|
| 5 | Supplying,laying and jointing pvc pipe with tap for each beneficiaries | 4 nos. | 1685 | 6740 |

4. കല്ലമല കോട്ടക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണ പ്രവൃത്തികൾ, കാഞ്ഞിരപ്പുഴ

പ്രൊജക്റ്റ് നം. - 79/16

അടങ്കൽ - 365000/-(പ്ലാൻ ജനറൽ)

കൺവീനർ – ശ്രീ.രാജൻ.ആർ.

ബിൽനം. -01/15-16/14.07.2015-365000/-

അളവുപുസ്തകം -70/2014-15

ഈ പ്രവൃത്തിയിൽ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | ചെലവ് |
|---|---|---|---|---|
| 5 | Supplying,laying and fixing 25mm pvc pipe including cost of specials for house connection | 271m | 34/m | 9214 |
| 8 | Supplying,laying and jointing 25mm GI pipe including cost of specials for house connection | 29.5m | 155/m | 4572 |
| 13 | Supplying &fixing tap best quality, platform including all cost,conveyance of materials and labour charges | 27nos. | 1400 | 37800 |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ | | | | 51586 |

5.ക്കുറ്റമ്പാടം കുടിവെള്ളപദ്ധതി പൂർത്തീകരണം, കാഞ്ഞിരപ്പുഴ

പ്രൊജക്റ്റ് നം. - 93/16

അടങ്കൽ - 180000/-(പ്ലാൻ ജനറൽ)

കൺവീനർ -ശ്രീ.സി.പി.മുഹമ്മദ്.

ബിൽനം .-14/15-16/23.09.2015-180000/-

അളവുപുസ്തകം – 72/2014-15

ഈ പ്രവൃത്തിയിൽ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | ചെലവ് |
|---|---|---|---|---|
| 12 | Supplying and fixing SDB long body, platform including all cost,conveyance of materials and labour charges | 15nos. | 1500 | 22500 |

6.കല്ലമല SC കോളനി കുടിവെള്ളപദ്ധതി , കാഞ്ഞിരപ്പുഴ

പ്രൊജക്റ്റ് നം. - 50/16

അടങ്കൽ - 500000/-(പ്ലാൻ SCP)

കരാറുകാരൻ – ശ്രീ.അബ്ദുൾ ഹമീദ്

ബിൽനം. – 86/15-16/26.03.2016-441924/-

അളവുപുസ്തകം – 22/2015-16

ഈ പ്രവൃത്തിയിൽ വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | ചെലവ് |
|---|---|---|---|---|
| 6 | Supplying &fixing SD tap including all charges | 13nos. | 340 each | 4420 |

മേൽപ്രകാരം 12-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കും സബ്സ്ഡി മാനദണ്ഡങ്ങൾക്കും

അനുസൃതമല്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണഭോക്താക്കൾ തന്നെ നേരിട്ട് ചെയ്യേണ്ടതും ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനു ചെലവഴിച്ച തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല. ഈയിനത്തിൽ ആകെ ചെലവഴിച്ച 255335/-രൂപ (165038+5051+6740+51586+22500+4420) നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/10.02.2017) ലഭ്യമായ മറുപടി ആനുകൂല്യം ലഭിക്കാൻ അർഹതയുള്ള ഗുണഭോക്താക്കൾക്കും പട്ടികജാതിക്കാർക്കുമാണ് പൈപ്പ് കണക്ഷൻ നൽകിയത് എന്നാണ്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

## 3-2 ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ കരാറുകാരന് തുക നൽകി-പദ്ധതിഫണ്ടിന് നഷ്ടം

പ്രൊജക്റ്റ് - പള്ളിക്കുന്ന് സെന്റർ അംഗൻവാടി കെട്ടിടം,കുമരംപുത്തൂർ (124/16)

അടങ്കൽ - 850000/-(പ്ലാൻ ജനറൽ)

കരാറുകാരൻ – ശ്രീ.പി.മുഹമ്മദാലി

ബിൽനം. – 66/15-16/22.02.2016-849981/-

അളവുപുസ്തകം – 39/2015-16, 44/15-16

എസ്റ്റിമേറ്റിനേക്കാൾ 0.10% കുറവു നിരക്കിൽ ടെണ്ടർ ഉറപ്പിച്ചു നൽകിയിട്ടുള്ള മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളതെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം – 849981/-

(-)ടെണ്ടർ വ്യതിയാനം കുറയ്ക്കേണ്ടത് (0.1%) -850/-

849131

849131 രൂപയിൽ നിന്നും നികുതികൾ കുറവുചെയ്ത് കരാറുകാരന് തുക നൽകുന്നതിനു പകരം 849981/-രൂപയിൽ നിന്നും നികുതികൾ കുറവുചെയ്താണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ഇതുമൂലം പദ്ധതി ഫണ്ടിൽനിന്നും 850/- രൂപ അധികച്ചെലവു വന്നിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/10.02.2017) ലഭ്യമായ മറുപടിയിൽ നഷ്ടം വന്ന തുക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-3 തച്ചമ്പാറ വയോജന വിശ്രമകേന്ദ്രം -പ്രവൃത്തിപൂർത്തീകരിച്ചിട്ടും ലക്ഷ്യം കൈവരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തച്ചമ്പാറ വയോജന വിശ്രമകേന്ദ്രത്തിലെ വിവിധ പ്രവൃത്തികൾക്കായി താഴെ സൂചിപ്പിക്കും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് /അടങ്കൽ | ചെലവഴിച്ചത് | ബിൽ നം./തീയതി | പൂർത്തീ കരിച്ചത് |
|---|---|---|---|---|
| 1. | തച്ചമ്പാറ വയോജന വിശ്രമകേന്ദ്രം പൂർത്തീകരണ പ്രവൃത്തികൾ. 78/16, 100000/- | 92502/- | 60/22.2.16 | 7.12.16 |
| 2. | തച്ചമ്പാറ വയോജന വിശ്രമകേന്ദ്രത്തിന് സാനിറ്ററി യൂണിറ്റ് നിർമ്മാണം, 71/16, 200000/-(180000-TSC) | 188675 | 61/22.2.16 -18868/- ചെക്ക് നം.-745526/ 23.9.16 (TSC ഫണ്ട് ലഭിക്കുന്ന തിനു കാലതാമസം വന്നു.) | 16.12.15 |

ഓഡിറ്റ് എൻക്വയറിക്ക് (നം.10/10.02.2017) ലഭ്യമായ മറുപടിയനുസരിച്ച് ഈ കെട്ടിട നിർമ്മാണത്തിന് മുൻവർഷങ്ങളിലായി താഴെ കാണുംവിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2012-13 | 487879 |
| 2013-14 | 452946 |

മേൽപ്രകാരം ആകെ 1222002/-രൂപ ചെലവ് വന്നിട്ടുള്ള ഈ കെട്ടിടം നിലവിൽ വയോജന വിശ്രമകേന്ദ്രം തുടങ്ങുന്നതിനായി ആർക്കും രേഖാമൂലം കൈമാറി നൽകിയിട്ടില്ല എന്ന് ബി.ഡി.ഒ. അറിയിച്ചു. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം, സാനിറ്ററി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി കണ്ടു. കെട്ടിടത്തിന്റെ താക്കോൽ ലഭ്യമാകാതിരുന്നതിനാൽ തുറന്ന് പരിശോധിക്കാൻകഴിഞ്ഞില്ല. കെട്ടിടത്തിൽ "ബാലൻ സ്മാരക വയോജന വിശ്രമകേന്ദ്രം ലൈബ്രറി &റിക്രിയേഷൻ സെന്റർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ ജോർജ് തച്ചമ്പാറയുടെ വികസനഫണ്ട് " എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഗേറ്റ് സ്ഥാപിക്കാതെ കെട്ടിടത്തിൽ ചാരിവെച്ച നിലയിലാണ്. ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടുണ്ട്.



കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ

നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ കെട്ടിടത്തിന്റെ താക്കോൽ ഏറ്റുവാങ്ങി ബി.ഡി.ഒ. യ്ക്ക് കൈമാറേണ്ടതും ബി.ഡി.ഒ., ഭരണസമിതി എന്നിവർ മേൽ കെട്ടിടത്തിൽ പ്രൊജക്റ്റിൽ ലക്ഷ്യമിട്ടിരുന്ന വയോജന വിശ്രമകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തികളിൽ നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായ തരത്തിൽ ബോർഡ് എഴുതി സൂക്ഷിക്കേണ്ടതാണ്.

വയോജന വിശ്രമകേന്ദ്രം ആരംഭിക്കുന്നതു സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/10.02.2017) മറുപടി ലഭ്യമായില്ല.

## 3-4 ചേനമ്പാറ കോളനി കുടിവെള്ള പദ്ധതി -ഗ്രാമപഞ്ചായത്തിന് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് – ചേനമ്പാറ കോളനി കുടിവെള്ള പദ്ധതി
പ്രൊജക്റ്റ് നം. - 75/16

അടങ്കൽ - 320000/-(പ്ലാൻ SCP-300000,മറ്റു ഗ്രാമപഞ്ചായത്ത്-20000)

ബിൽനം – 88/15-16/26.03.2016-300000/-(ഡി.ഡി.നം.752032/25.4.16)

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

മേൽ പദ്ധതി പ്രകാരം തച്ചമ്പാറ ഗ്രാമ പഞ്ചായത്തിന് ചേനമ്പാറ കോളനി കുടിവെള്ള പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000/-രൂപ പദ്ധതി ഫണ്ട് (SCP) ൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയോ തുക ചെലവഴിച്ചതിന്റെയോ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-5 ആര്യമ്പാവ് വനിതാ വ്യവസായ കോംപ്ലക്സ് നിർമ്മാണം,കോട്ടോപ്പാടം -പഴയ കെട്ടിടം പൊളിച്ചു മാറ്റിയത് ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല

2014-15 വർഷം ആരംഭിച്ചതും 2015-16 വർഷം സ്പിൽ ഓവറായി ആദ്യഘട്ടം

പൂർത്തീകരിച്ചിട്ടുള്ളതുമായ ആര്യമ്പാവ് വനിതാവ്യവസായ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ ഫയൽ പരിശോധിക്കുമ്പോൾ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കോട്ടോപ്പാടം പഞ്ചായത്തിൽ ആര്യമ്പാവിൽ നിലവിലുള്ള തകർന്നു കിടക്കുന്ന വി.ഇ.ഒ.ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി ആ സ്ഥലത്ത് വനിതാവ്യവസായ കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്. പൊളിച്ചുമാറ്റുന്ന കെട്ടിടത്തിന്റെ ഓട്, വിറകിനു പറ്റിയ മരങ്ങൾ എന്നിവ ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും നിർദ്ദേശമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ നം.D2 7/15,9/15 /20.02.15 നമ്പറുകളായുള്ള സർവ്വേ റിപ്പോർട്ടു പ്രകാരം കോട്ടോപ്പാടം പഞ്ചായത്തിൽ ആര്യമ്പാവിലുള്ള വി.ഇ.ഒ.ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റിയ നിലവിലുള്ള ഉപയോഗമുള്ള മെറ്റീരിയൽസിന് താഴെ പറയും വിധം വില കണക്കാക്കിയിട്ടുണ്ട്.

1. MP roofing tiles-410nos.@7000/1000*0.6025 = 1729.17

2. Country wood window frame(size1,10*1.35)2nos – 0.0997m3

@18500/m3 *0.6025 = 1111.28

3.Fire wood -437KG@3400/MT =1485.80

ആകെ – 4326രൂപ

എന്നാൽ മേൽപ്പറഞ്ഞവ ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇവയുടെ വില ബില്ലിൽ നിന്നും കുറവു ചെയ്തതായും കാണുന്നില്ല.ഈ വിഷയം സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്കു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/10.02.2017) ലഭ്യമായ മറുപടിയിൽ സാമഗ്രികളുടെ സർവ്വേ റിപ്പോർട്ടു ലേല നടപടികൾക്കായി ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട് എന്നാണ്. എന്നാൽ സെക്രട്ടറി രേഖകൾ ലഭ്യമാക്കുകയോ ഓഡിറ്റ് എൻക്വയറിക്ക് (നം.11/10.02.2017) മറുപടി നൽകുകയോ ചെയ്തിട്ടില്ല. മേൽ സൂചിപ്പിച്ച സാധനസാമഗ്രികൾ ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ സെക്രട്ടറി ഹാജരാക്കേണ്ടതാണ്.

## 3-6 സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽഓവർ ആയ വർഷം പൂർത്തീകരിക്കപ്പെടുന്നില്ല

മുൻവർഷങ്ങളിൽ ആരംഭിച്ചതും ഓഡിറ്റ് വർഷം സ്പിൽ ഓവറായി തുടരുന്നതുമായ 26 പ്രവൃത്തികളിൽ 6 എണ്ണം തൻവർഷവും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്കു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/10.02.2017) ലഭ്യമായ മറുപടിയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ്, നം. | അടങ്കൽ | നിലവിലെ സ്ഥിതി (മറുപടി പ്രകാരം) |
|---|---|---|---|
| 1 | കാഞ്ഞിരപ്പുഴ തോടംകുളം SC കോളനി കുടിവെള്ള പദ്ധതി,77/16 | 500000 | വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടുന്നതിനാൽ 2016-17 ൽ പ്രൊജക്റ്റ് റദ്ദ് ചെയ്തു |
| 2 | അലനെല്ലൂർ CHC വിവിധ മെയിന്റനൻസ് പ്രവൃത്തികൾ, 82/16 | 600000 | കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതിനാൽ തുക കൂടുതൽ വകയിരുത്തുന്നതിനായി തൻവർഷം റദ്ദുചെയ്തു. 2016-17ൽ പുതിയ പ്രൊജക്റ്റായി ഉൾപ്പെടുത്തി. |
| 3 | വെറ്ററിനറി പോളിക്ലിനിക്കിന് ആവശ്യമായ മെയിന്റനൻസ് പ്രവൃത്തികൾ,85/16 | 500000 | ഗുണഭോക്തൃസമിതിയുമായി കരാർ ഉടമ്പടി വെച്ച് പ്രവൃത്തി ഏൽപ്പിച്ചിരുന്നെങ്കിലും പ്രവൃത്തി ആരംഭിക്കാതെ ഗുണഭോക്തൃസമിതി വീഴ്ച വരുത്തിയതിനാലും ഭരണ സമിതി തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിച്ചു. 2016-17 വർഷം പുതിയ പ്രവൃത്തിക്കായി ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| 4 | കാര കടുനെല്ലിപ്പുറം കുടിവെള്ള പദ്ധതി പൂർത്തീകരണം, 89/16 | 224106 | 2016-17ൽ പൂർത്തീകരിച്ച |
| 5 | കർക്കടാംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം, 90/16(2014-15ന് മുൻപ് ആരംഭിച്ചത്). | 350000 | നിലവിൽ 80% പൂർത്തീ കരിച്ച . |
| 6 | പനയ്ക്കത്തോടൻ SC കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം, 91/16. (2014-15ന് മുൻപ് ആരംഭിച്ചത്). | 300000 | ഗുണഭോക്തൃസമിതിയുമായി കരാർ ഉടമ്പടിവെച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.നിലവിലും സ്പിൽ ഓവറായി തുടരുന്നു. |

ഓഡിറ്റ് നിർദ്ദേശങ്ങൾ

- 12-ാം പദ്ധതി ആസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു സ്പിൽ ഓവർ പ്രൊജക്റ്റ്, സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.
- നിർമ്മാണ പ്രവൃത്തി പ്രൊജക്റ്റുകളിൽ ഒരു പ്രൊജക്റ്റിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെ ആ പ്രൊജക്റ്റ് ഉപേക്ഷിച്ച് അതിൽ അവശേഷിക്കുന്ന പ്രവൃത്തി ചെയ്യുന്നതിനായി പുതിയ പ്രൊജക്റ്റ് തയ്യാറാക്കാവുന്നതല്ല. കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ എസ്റ്റിമെറ്റ് റിവൈസ് ചെയ്ത് എക്സ്ട്രാ ഐറ്റമായി ഉൾപ്പെടുത്താവുന്നതും ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിൽ ബഹുവർഷ പ്രൊജക്റ്റായി ചെയ്യാവുന്നതുമാണ് എന്നിരിക്കെ ഇക്കാരണങ്ങളാൽ പ്രൊജക്റ്റ് റദ്ദുചെയ്ത് അടുത്ത വർഷം പുതിയതായി ചെയ്യുന്നത് അധികച്ചെലവും കാലതാമസവും വരുത്തുമെന്നതിനാൽ ഒഴിവാക്കേണ്ടതാണ്.

- മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ ക്രമനം. 3& 6-യഥാക്രമം വെറ്ററിനറി പോളിക്ലിനിക്കിന് ആവശ്യമായ മെയിന്റനൻസ് പ്രവൃത്തികൾ, പനയ്ക്കത്തോടൻ SC കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്നിവ ഗുണഭോക്തൃസമിതിയുമായി കരാർ ഉടമ്പടിവെച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ടെങ്കിലും യഥാസമയം പൂർത്തീകരിച്ചില്ല. ഇതുമൂലം ആദ്യ പ്രവൃത്തി ഭരണ സമിതി തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കുകയും 2016-17 വർഷം പുതിയ പ്രവൃത്തിക്കായി ഇ-ടെണ്ടർ നടത്തുകയുമാണുണ്ടായത്. 2-ാം പ്രവൃത്തി നിലവിലും നടന്നിട്ടില്ല.

എന്നാൽ ഗുണഭോക്തൃസമിതി കൺവീനർ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുമായി വെച്ചിരിക്കുന്ന കരാർ ഉടമ്പടി പ്രകാരം വെച്ചിട്ടുള്ള പ്രവർത്തന കലണ്ടറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ അതിന്റെ ഫലമായി ബ്ലോക്ക്പഞ്ചായത്തിനുണ്ടാകുന്ന എല്ലാ അസൌകര്യങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കൺവീനർക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്. കൺവീനർ പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു പോവുകയാണെങ്കിൽ കരാർ ഉടമ്പടി റദ്ദാക്കുകയും ബാക്കി പ്രവൃത്തികൾ മറ്റൊരു ഏജൻസി വഴി പൂർത്തിയാക്കുന്നതാണ്. അതു കാരണം പഞ്ചായത്തിനു വഹിക്കേണ്ടി വരുന്ന അധികച്ചെലവും നഷ്ടവും കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ രണ്ടു പ്രവൃത്തികളിൽ വെറ്ററിനറി പോളിക്ലിനിക്കിന് ആവശ്യമായ മെയിന്റനൻസ് പ്രവൃത്തികൾ 2016-17വർഷം നടപ്പിലാക്കുമ്പോൾ അധികച്ചെലവും നഷ്ടവും വരുന്നപക്ഷം അത് കൺവീനറിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 2-ാം പ്രവൃത്തിയായ പനയ്ക്കത്തോടൻ SC കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്നതിലും പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ മേൽപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ചീനിക്കപ്പാറ അപ്രോച്ച് റോഡ് നിർമ്മാണം ടെണ്ടർ നടപടികൾ സുതാര്യമല്ല-അപാകതകൾ ഒഴിവാക്കേണ്ടതാണ്

പ്രൊജക്റ്റ് – ചീനിക്കപ്പാറ അപ്രോച്ച് റോഡ് നിർമ്മാണം

പ്രൊജക്റ്റ് നം - 40/16

അടങ്കൽ - 500000/-(പ്ലാൻ ജനറൽ)

കരാറുകാരൻ – ശ്രീ.ഷിജു ജോർജ്

ബിൽനം. – 41/15-16/21.12.2015-487956/-

അളവുപുസ്തകം – 25/2015-16

ചീനിക്കപ്പാറ അപ്രോച്ച് റോഡ് പ്രവൃത്തിയുടെ ഫയൽ പരിശോധിക്കുമ്പോൾ ടി പ്രവൃത്തി 20.8.15ന് ടെണ്ടർ (ഇ-ടെണ്ടർ)ചെയ്തതായും 09.09.15 ന് ടെണ്ടർ തുറന്നതായും കാണുന്നു. ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചതിൽ ശ്രീ.ഷിജുജോർജ് എന്ന കരാറുകാരൻ എസ്റ്റിമേറ്റിനേക്കാൾ 5% കൂടുതൽ നിരക്ക് ക്വോട്ട് ചെയ്തതായും ശ്രീ.സിർലി ജോസ് എന്ന കരാറുകാരന്റെ ടെണ്ടർ രേഖകളുടെ പകർപ്പുകൾ ലഭ്യമായെങ്കിലും ഇ-ടെണ്ടർ സൈറ്റിൽ ടിയാന്റെ രേഖകൾ ലഭ്യമല്ലാതിരുന്നതിനാൽ ടെണ്ടർ സ്വീകരിച്ചില്ല എന്നും (കവറിൽ) രേഖപ്പെടുത്തിയിട്ടുണ്ട്. 14.09.15 ലെ ലഭ്യമായ ടെണ്ടറുകളുടെ രേഖയിലും ടെണ്ടർ അംഗീകരിച്ച തീരുമാനത്തിലും (15.09.15ലെ 1-ാംനമ്പർ) ഷിജുജോർജ് എന്ന കരാറുകാരൻ എസ്റ്റിമേറ്റിനേക്കാൾ 5% കൂടുതൽ നിരക്ക് ക്വോട്ട് ചെയ്തതായും സിംഗിൾ ടെണ്ടർ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 23.09.2015 ലെ " Bid Submission Confirmation"ൽ ഷിജുജോർജ് 03.09.2015ൽ സമർപ്പിച്ച ടെണ്ടർ "Single Tender below estimate rate" എന്നാണ് ചേർത്തിരിക്കുന്നത്. കൂടാതെ കരാറുകാരൻ സമർപ്പിച്ചിരിക്കുന്ന എഗ്രിമെന്റിനോടൊപ്പമുള്ള (നം.37/26.09.15) എഗ്രിമെന്റ് ഷെഡ്യൂളിൽ ടിയാന്റെ ക്വോട്ടഡ് റേറ്റ് സൂചിപ്പിച്ചിരിക്കുന്നത് Less(-)1% എന്നാണ്. എന്നാൽ ഇതിന് ആധാരമായ ഇ-ടെണ്ടർ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ ടെണ്ടർ നടപടികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1997കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ പ്രകാരം ടെണ്ടർ നിരക്കുകൾ സ്വീകാര്യമല്ലെങ്കിലോ ന്യായമായ എണ്ണം ടെണ്ടറുകൾ

ലഭിച്ചില്ലെങ്കിലോ റീടെണ്ടർ ചെയ്യണം. എന്നാൽ മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റിനേക്കാൾ 5% കൂടുതൽ നിരക്ക് ക്വോട്ടു ചെയ്ത സിംഗിൾ ടെണ്ടർ ആണ് ലഭ്യമായത്. എന്നിട്ടും റീടെണ്ടറിന് നടപടി സ്വീകരിച്ചില്ല. ഇതുമൂലം കുറവു നിരക്കിൽ പ്രവൃത്തി നടപ്പിലാക്കാനുള്ള സാധ്യത ഒഴിവാക്കപ്പെട്ടു.

2. ജി.ഒ(പി) 13/2012/PWD/01.02.2012 ഉത്തരവനുസരിച്ചുള്ള കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ തുറന്നശേഷം നെഗോസ്യേഷൻ ഇല്ല. എന്നാൽ മേൽ പ്രവൃത്തിയിൽ ടെണ്ടർ തുറന്നശേഷം കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്തിരിക്കുന്നു.

3. ശ്രീ.ഷിജു ജോർജ് എന്ന കരാറുകാരൻ 5% above ആയി ടെണ്ടർ ചെയ്തിരുന്നത് 1% below ആയി ചെയ്യാൻ തയ്യാറാണ് എന്ന് <u>കത്തു</u> നൽകിക്കാണുന്നുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ നെഗോഷ്യേറ്റ് ചെയ്യുന്നതിന് കരാറുകാരനോട് ആവശ്യപ്പെട്ടതായി യാതൊരു രേഖയും ഇല്ല.

4. എസ്റ്റിമേറ്റിനേക്കാൾ 1% കുറവു നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരനുമായി കരാർ ഉടമ്പടി വെച്ച് പ്രവൃത്തി ഏൽപ്പിച്ചെങ്കിലും ഈ നിരക്ക് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയതു സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്കു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/10.02.2017) ലഭ്യമായ മറുപടിയിൽ കരാറുകാരൻ 5% above ആയി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും നെഗോഷ്യേറ്റ് ചെയ്യുന്നതിന് ആവശ്യപ്പെട്ടതു പ്രകാരം എസ്റ്റിമേറ്റിനേക്കാൾ 1% കുറവു നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ സന്നദ്ധനായതിനാൽ ടിയാന് ഭരണസമിതി തീരുമാനപ്രകാരം പ്രവൃത്തി നൽകി എന്നാണ്. രേഖകളുടെ അഭാവത്തിൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചും സുതാര്യമായും പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** <u>വനിതാ വ്യവസായകേന്ദ്രങ്ങൾ - പദ്ധതി ആസൂത്രണത്തിലെ പാളിച്ച മൂലം ലക്ഷ്യപ്രാപ്തി</u>

## വർഷങ്ങൾക്കുശേഷവും കൈവരിച്ചിട്ടില്ല

1. ബ്ലോക്ക് പഞ്ചായത്ത് 12-13വർഷം മുതൽ ആവിഷ്കരിക്കുകയും 13-14 മുതൽ തുക ചെലവഴിക്കുകയും ചെയതിട്ടുള്ള, വനിതാ വ്യവസായകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ച് നിർമ്മിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ നാളിതുവരെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

| ക്രമനം. | വനിതാ വ്യവസായ കോംപ്ലക്സ് | നാളിതുവരെ ചെലവ് (ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | എടത്തനാട്ടുകര | 2013-141692432/-<br>2014-15-- 1299022/-<br>ആകെ - 2991454 | കെട്ടിടം പണി പൂർത്തീകരിച്ചു. 2016-17ൽ വൈദ്യുതീ കരണത്തിന് തുക വകയിരുത്തി യിട്ടുണ്ട്.<br>വനിതാ വ്യവസായ കോംപ്ലക്സ് ആരംഭിച്ചിട്ടില്ല. |
| 2 | കല്ലടിക്കോട് | 2013-14—979254/-<br>2014-15-- 896585/-<br>2016-17--483829/-(15-16ൽ | കെട്ടിടം പണി പൂർത്തീകരിച്ചു. 2016-17ൽ വൈദ്യുതീ |

| | | | |
|---|---|---|---|
| | | വകയിരുത്തിയത്)<br><br>ആകെ - 2359668/- | കരണത്തിന്<br>തുക<br>വകയിരുത്തി<br>യിട്ടുണ്ട്.<br>വനിതാ<br>വ്യവസായ<br>കോംപ്ലക്സ്<br>ആരംഭിച്ചിട്ടില് |





## കല്ലടിക്കോട് വനിതാ വ്യവസായ കോംപ്ലക്സ്

12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രൊജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ളംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതിനുശേഷം ഇവ ചെയ്യുകയുമാണ് വേണ്ടത്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങിനെ തയ്യാറാക്കിയാൽ അംഗീകാരം നൽകുവാനോ പാടില്ല. എന്നാൽ മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി എസ്ററിമേററ് തയ്യാറാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രണ്ടുപ്രവൃത്തികളിലും ഓരോ വർഷവും മൊത്തം പ്രവൃത്തിക്കുള്ള തുക വകയിരുത്താതെ ഭാഗികമായി മാത്രം തുക വകയിരുത്തുന്നതുമൂലവും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതുമൂലവും പദ്ധതി ലക്ഷ്യം മൂന്ന വർഷങ്ങൾക്കുശേഷവും സാദ്ധ്യമായിട്ടില്ല. മാത്രമല്ല ഒരു പ്രവൃത്തിയായി ഒരു ടെണ്ടറിൽ ചെയ്യാവുന്ന പ്രവൃത്തികൾ പല വർഷങ്ങളിലായി വിഭജിച്ച ചെയ്യുന്നത് പദ്ധതി നീണ്ടു പോകുന്നതിനും അധികച്ചെലവിനും ഇടവരുത്തും. ആയതിനാൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ

പ്രയോജനം എത്രയും പെട്ടെന്ന് ജനങ്ങളിലേക്ക് എത്തിക്കുന്ന വിധത്തിലുള്ള പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

1. 2014-15 ൽ ആരംഭിച്ച താഴെ പറയുന്ന പ്രവൃത്തികളിലും തൻവർഷം ഒന്നിൽക്കൂടുതൽ പ്രൊജക്റ്റുകളിലായാണ് തുക വകയിരുത്തിയിരിക്കുന്നത്.

| ക്രമ നം. | നിർമ്മാണ പ്രവൃത്തി | പ്രൊജക്റ്റ് I | പ്രൊജക്റ്റ് II |
|---|---|---|---|
| 1 | വനിതാ വ്യവസായ കോംപ്ലക്സ്,വട്ടമ്പലം | 9/15(68/16) 1500000/-രൂപ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണത്തിന് വകയിരുത്തിയതിൽ 1460352/-രൂപ തൻവർഷം ചെലവായി | 46/16 പ്രകാരം 500000/-രൂപ വകയിരുത്തിയിരുന്നെങ്കിലും തൻവർഷം ചെലവില്ല.<br>കെട്ടിട നിർമ്മാണം പൂർത്തിയായി ട്ടില്ല. |
| 2 | ആര്യമ്പാവ് വനിതാ വ്യവസായ കോംപ്ലക്സ്, കോട്ടോപ്പാടം | 9/15(68/16) 1500000/-രൂപ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണത്തിന് വകയിരുത്തിയത് | 57/16 പ്രകാരം 500000/- രൂപ വകയിരുത്തിയിരുന്നതിൽ 499950/-രൂപ ചെലവായി യെങ്കിലും കെട്ടിട നിർമ്മാണം |

| | | | |
|---|---|---|---|
| | | തൻവർഷം ചെലവായി | പൂർത്തിയായിട്ടില്ല. |
| 3 | കല്ലടിക്കോട് വയോജന വിശ്രമകേന്ദ്രം, കരിമ്പ | 99/15(86/16) 1000000/-രൂപ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണത്തിന് വകയിരുത്തിയത് തൻവർഷം ചെലവായി | 103/16 പ്രകാരം 500000/-രൂപ വകയിരുത്തി യിരുന്നെങ്കിലും തൻവർഷം ചെലവില്ല.കെട്ടിടനിർമ്മാണം പൂർത്തിയായിട്ടില്ല. |

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുന്ന വിധത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## **3-9** കുടിവെള്ളപദ്ധതികളുടെ എസ്റ്റിമേറ്റ് പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയിട്ടില്ല

12-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കുടിവെള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കണം. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്റ്റായി തയ്യാറാക്കണം.എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം തുക ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ ഭാഗികമായുള്ള പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത് . ഉദാഹരണമായി വെള്ളാരം കോളനി കുടിവെള്ളപദ്ധതി (50/16) യിൽ മുൻവർഷം കുഴൽകിണർ കുഴിച്ചെങ്കിലും അതിന്റെ തുടർപ്രവർത്തനങ്ങൾക്ക് 15-16 ലാണ്

തുക വകയിരുത്തുന്നത്. 3/16ലാണ് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നത്.ഒരു പ്രവൃത്തിയായി ഒരു ടെണ്ടറിൽ ചെയ്യാവുന്ന പ്രവൃത്തികൾ പല വർഷങ്ങളിലായി വിഭജിച്ച് ചെയ്യുന്നത് പദ്ധതി നീണ്ടു പോകുന്നതിനും അധികച്ചെലവിനും ഇടവരുത്തും. ആയതിനാൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ പ്രയോജനം എത്രയും പെട്ടെന്ന് ജനങ്ങളിലേക്ക് എത്തിക്കുന്ന വിധത്തിലുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് പൂർണ്ണമല്ല

.

1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 എന്നിവയിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ മേൽ നിർദേശങ്ങൾ പ്രകാരമുള്ള മിക്കവാറും രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്നവ സൂക്ഷിച്ചിട്ടില്ല എന്നുകാണുന്നു.

1.ഗുണഭോക്തൃസമിതി കൺവീനർ,ചെയർമാൻ എന്നിവർ ഗുണഭോക്തൃ പ്രദേശത്തുള്ളവരാണെന്ന് അതാത് പഞ്ചായത്തുകളിലെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയത് അസി.എക്സി.എഞ്ചിനീയർ വാങ്ങി സൂക്ഷിച്ചിട്ടില്ല.

2.എല്ലാ പ്രവൃത്തികളിലും ഗുണഭോക്തൃസമിതി കൺവീനറുടേയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൌണ്ട് തുടങ്ങിയിട്ടില്ല.ചില പ്രവൃത്തികളിൽ കൺവീനറുടെ പേരിൽ മാത്രമാണ് അക്കൌണ്ട്. ഇടപാടുകൾ ബാങ്ക് അക്കൌണ്ടിലൂടെ നടത്തുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് അക്കൌണ്ട് ക്ലോസ്സ് ചെയ്ത് പാസ്സ്ബുക്ക് സറണ്ടർ ചെയ്തിട്ടില്ല.

അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-11 മരാമത്തു പ്രവൃത്തികൾ പൊതുഅവലോകനം

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയ തുക | പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|---|
| 66810442 | 106 | 52084756 | 91 |

വകയിരുത്തിയ തുകയുടെ 78% ചെലവഴിച്ചിട്ടുണ്ട്. വർക്ക് ഫയലുകൾ, ടെണ്ടർ രേഖകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ടെണ്ടർ പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ചെയ്തവയിൽ രേഖകൾ കൃത്യമായി വർക്ക്ഫയലിൽ സൂക്ഷിക്കുന്നില്ല.
- ഇൻവാലിഡ് ആയ ടെണ്ടറുകൾ ഏതു കാരണം കൊണ്ടാണ് ഇൻവാലിഡ് ആയതെന്ന് രേഖപ്പെടുത്തുന്നില്ല.
- സമർപ്പിച്ചിട്ടുള്ളതും എന്നാൽ ഇൻവാലിഡ് ആയതിനാൽ നിരസിച്ച ടെണ്ടറുകളുടെ വിവരം ടെണ്ടർ രജിസ്റ്ററിൽ ചേർക്കുന്നില്ല.

## 3-12 പട്ടികജാതി യുവാക്കൾക്കും യുവതികൾക്കും ഓട്ടോറിക്ഷ പരിശീലനവും വാങ്ങലും-പദ്ധതി ഭാഗികമായി നടപ്പിലാക്കി

നിർവഹണോദ്യോഗസ്ഥൻ – എസ്.സി.ഡി.ഒ

പട്ടികജാതി യുവാക്കൾക്കും യുവതികൾക്കും ഓട്ടോറിക്ഷ പരിശീലനവും വാങ്ങലും (പ്രൊജക്ട് നം.22/16) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 10731000 അടങ്കലിൽ താഴെപ്പറയുന്ന പ്രകാരം തുകകൾ വകയിരുത്തിയിട്ടുണ്ട്.

പദ്ധതിഫണ്ട് - 2300000

തനത് ഫണ്ട് - 31000

ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ-8400000

ബിൽ നം.- 21/29.3.16 തുക - 63000

ബിൽ നം.- 22/31.3.16 , തുക-14000

3500രൂപ വീതം 22 പേർക്കുള്ള പരിശീലനചെലവിനായാണ് 77000 രൂപ ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

a) പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് വഴി ലഭ്യമാക്കുന്നതിനു പകരം 13.1.16 തീയതിയിൽ ഇന്റർവ്യൂ നടത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇൻറർവ്യൂവിൽ 103 പേർ പങ്കെടുത്തിട്ടുണ്ട്.

b) പ്രൊജക്ടിൽ പരിശീലനത്തോടൊപ്പം ഓട്ടോറിക്ഷ വാങ്ങലും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശീലനം നേടിയ ഗുണഭോക്താക്കളിലാരും ലോൺ ലഭ്യമാക്കുകയോ ഓട്ടോറിക്ഷ വാങ്ങുകയോ ചെയ്തിട്ടില്ല. സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്) 362/2013/തസ്വഭവ, തീയതി-16.11.13 പ്രകാരം പരിശീലനത്തിനു മാത്രമായി പദ്ധതികൾ നടത്താവുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 2016-17 വർഷത്തിൽ സ്പിൽ ഓവറായി പദ്ധതി ആവിഷ്കരിച്ചിട്ടിണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചെങ്കിലും നാളിതുവരെയും ആരും ലോൺ ലഭ്യമാക്കി ഓട്ടോറിക്ഷ വാങ്ങിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-പദ്ധതിയിൽനിന്ന് വ്യതിചലിച്ച് നടപ്പിലാക്കി

നിർവഹണോദ്യോഗസ്ഥൻ-എസ്.സി.ഡി.ഒ

പ്രൊജക്ട് നം.129/16 പ്രകാരം എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വികസനഫണ്ടിൽനിന്നും 1850000 രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽനിന്നും ഇൻവോയ്സ് നം. EB1516747/7.3.16പ്രകാരം ഡിജിഎസ്&ഡി റേറ്റിൽ 40200 രൂപ നിരക്കിലുള്ള 44 Acer ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. (ടാക്സ് തുക-87340) ഡിസ്കൗണ്ട് കഴിഞ്ഞ് നൽകിയ തുക 1834140രൂപയാണ്. .

ബിൽ നം. 19/29.3.16 ,
തുക -1834140 (ഡിഡി നം.760323/15.4.16)

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

a) എഞ്ചിനീയറിംഗിന് പഠിക്കുന്ന വിദ്യർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതിപ്രകാരം അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളല്ലാത്ത 8 ബിരുദ വിദ്യാർത്ഥികൾക്കും ലാപ്ടോപ്

നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖപ്രകാരം പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്.

b) പദ്ധതിയിൽ 50 പേർക്ക് 37500 രൂപ വിലയുള്ള ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ 41685രൂപ (1834140/44) നിരക്കിലുള്ള ലാപ്ടോപ്പാണ് വാങ്ങി നൽകിയിട്ടുള്ളത്. പദ്ധതിയിൽ വകയിരുത്തിയതിനെക്കാൾ അധികവിലയ്ക്ക് ലാപ്ടോപ്പ് വാങ്ങിയതു മൂലം പ്രൊജക്ടിൽ ലക്ഷ്യമിട്ടപ്രകാരം 50 ഗുണഭോക്താക്കൾക്ക് പകരം 44 പേർക്ക് മാത്രമേ പ്രയോജനം ലഭിച്ചുള്ളൂ..

c) ബിരുദ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രൊജക്ടിലെ നിരക്കിലും ഉയർന്ന നിരക്കിലാണ് വാങ്ങിയിട്ടുള്ളത് എങ്കിലും പദ്ധതി റിവൈസ് ചെയ്ത് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

d) ലാപ്ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. ഗുണഭോക്താക്കളുമായി എഗ്രിമെന്റ് വെക്കേണ്ടതാണ്.

അംഗീകാരം ലഭിച്ച പദ്ധതിയിൽനിന്ന് വ്യതിചലിച്ച് നിർവഹണം നടത്തിയതിനാൽ ചെലവുതുക 1834140രൂപ തടസത്തിൽ വെയ്ക്കുന്നു.

# 3-14 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണപദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

നിർവഹണോദ്യോഗസ്ഥൻ-സി.ഡി.പി.ഒ

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണപദ്ധതി (പ്രൊജക്റ്റ് നമ്പർ so121/16 ) പ്രകാരം ട്രഷറി ബിൽനം.-1/15-16, 31.3.16 പ്രകാരം 796025 രൂപ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽനിന്നും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | തുക | ഡി.ഡി. നമ്പർ / തുക | ഡിഡി നമ്പർ |
|---|---|---|---|---|
| 1 | കാഞ്ഞിരപ്പുഴ | 115025 | 752449/26.4.16 | 752449 |

വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-3/7.2.17) ലഭ്യമാക്കിയ മറുപടി പ്രകാരം നാളിതുവരെയും ഗുണഭോക്താക്കൾക്ക് തുക വിതരണം

ചെയ്തിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക വിതരണം ചെയ്തതിനുശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 പ്രീമെട്രിക് ഹോസ്റ്റലിനാവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങിയത്- വിതരണം ചെയ്തതിന് രേഖകളില്ല

നിർവഹണോദ്യോഗസ്ഥൻ – എസ്.സി.ഡി.ഒ

2015-16 വർഷത്തിൽ എസ്.സി.ഡി.ഒ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രീമെട്രിക് ഹോസ്റ്റലിനാവശ്യമായ സാധനങ്ങൾ വാങ്ങൽ ( പ്രൊജക്ട് നം.118/16)

പദ്ധതി നടപ്പിലാക്കുന്നതിനായി ട്രഷറി ബിൽ നം. 18/29.3.16 പ്രകാരം 199721 രൂപ പിൻവലിച്ച് കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം. P/206/2015-16,14.3.16 പ്രകാരം 139900 രൂപക്ക് 4 കമ്പ്യൂട്ടറും 5 യുപിഎസും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പാലക്കാട് ഹോൾസെയിൽ കൺസ്യൂമർ കോ.ഓപറേറ്റീവ് സൊസൈറ്റിയിൽ നിന്നും 59821 രൂപക്ക് ഹോസ്റ്റലിലേക്കാവശ്യമായ പാത്രങ്ങളും ഫർണിച്ചറും വാങ്ങിയിട്ടുണ്ട്. വാങ്ങിയ 4 കമ്പ്യൂട്ടറും 5 യുപിഎസും നിർവഹണോദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രീമെട്രിക്ഹോസ്റ്റലിലേക്ക് കൈമാറിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവുചെയ്ത 139900 രൂപ തടസപ്പെടുത്തുന്നു.

## 3-16 വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന സംയുക്തപ്രൊജക്ടുകൾക്കായി ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

1. എ.ബി.സി. പ്രൊജക്ട് (135/16)

ഫണ്ട് - തനത് ഫണ്ട്.

അടങ്കൽ - 5 ലക്ഷം

ചെലവ് - 5 ലക്ഷം (ചെക്ക് നം - 1844031/23.3.16)

നിർവഹണം - സെക്രട്ടറി

എ.ബി.സി പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും ജില്ലാപഞ്ചായത്തിന് 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടുകൾക്ക് വിഹിതം നൽകുമ്പോൾ തുക പ്രസ്തുത സാമ്പത്തികവർഷം തന്നെ ചെലവഴിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ചെലവഴിക്കാത്ത പദ്ധതി തുക

തിരികെ വാങ്ങി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

2.ഐലോക്കി കുളം കുടിവെള്ളപദ്ധതി (63/16)

ഫണ്ട് - പ്ലാൻ (ജ)

അടങ്കൽ - 1022350/-

ചെലവ് - ബിൽ നം- 9/22.8.15 – 1022350/-

ഐലോക്കി കുളം കുടിവെള്ളപദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1022350/- രൂപ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

## 3-17 പുളിച്ചിപ്പാറ കുടിവെള്ളപദ്ധതി- ഫൈൻ ഈടാക്കിയിട്ടില്ല

പ്രൊജക്ട് - പുളിച്ചിപ്പാറ കുടിവെള്ളപദ്ധതി (2011-12)

അടങ്കൽ - 6 ലക്ഷം.

കരാറുകാരൻ - ശ്രീ.മുഹമ്മദ് സാദത്തലി

കരാർ - 22/4.7.12

അളവ് പുസ്തകം - 64/12-13

ചെലവ് - ആകെ - 519429/-

(to contractor ചെക്ക് നം - 886439/22.6.15 – 488264)

ബി.ആർ.ജി.എഫ്. ഫണ്ട് വകയിരുത്തി ആരംഭിച്ച പദ്ധതി ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടതാണ് എന്ന(no. F.1955/2010(9) dt. 7.3.12 of dist.collector.) നിബന്ധനയോടെയാണ് ജില്ലാ കളക്ടർ അംഗീകാരം നൽകിയത്. ബ്ലോക്ക് പഞ്ചായത്തും കരാറുകാരനുമായുള്ള കരാർ വ്യവസ്ഥ പ്രകാരം 31.3.13 നകം പ്രവർത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ 29.4.13 നാണ് കിണർ നിർമ്മാണം ആരംഭിച്ചത് കിണറിൽ ആവശ്യത്തിന് ജലലഭ്യത ഉള്ളതായി അളവ് പുസ്തകം പേജ് 2 ൽ എ.ഇ. രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കിണർ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ജലലഭ്യത കുറവായതിനാൽ പുതിയ ബോർവെൽ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് 25.9.13 ലെ ഭരണസമിതി തീരുമാനപ്രകാരം (III3(12)) റിവൈസ് ചെയ്തിട്ടുണ്ട്. ഭൂജലവകുപ്പ് മുഖേന yield test നടത്തി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുമില്ല.

പമ്പ് ഹൗസ് സ്ഥാപിക്കുവാൻ സ്ഥലം ലഭ്യമാകാത്തതിനാൽ "റവന്യൂ അതോറിറ്റിയിൽ നിന്നും അനുവാദം വാങ്ങി റവന്യൂ പുറമ്പോക്കിൽ precast pumphouse " സ്ഥാപിച്ചതായി എ.ഇ. രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് അംഗീകരിച്ച് എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

പ്രവർത്തി പൂർത്തിയാക്കിയത് 6.3.15 ന് മാത്രമാണ്.പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ നിയമാനുസൃതം സമയം ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയോ ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ. സമയം ദീർഘിപ്പിച്ചുനൽകിയതിന് നിയമാനുസൃത ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല.

പ്രവൃത്തി ആരംഭിച്ചത് - 4.7.12

പൂർത്തീകരിക്കേണ്ടത് - 31.3.13

പൂർത്തീകരിച്ചത് - 6.3.15

ഗ്രേസ് പിരീഡ് - 54 ദിവസം

ഫൈൻ - 25.5 .14 – 24.8.14 = 6000

25.8.14- 24.2.15 – 2x12000 = 24000

25.2.15 – 6.3.15 = 1333

ആകെ – 31333

31333രൂപ കരാറുകാരനിൽ നിന്നോ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി -12/10.2.17 ന് മറുപടി ലഭ്യമാക്കിയില്ല)

## 3-18 സംരക്ഷണ ഗ്രാന്റ്- വകമാറ്റി ചെലവഴിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിനായാണ് സംരക്ഷണ ഗ്രാന്റ് അനുവദിക്കുന്നത്. എന്നാൽ സെക്രട്ടറി നിർവഹണം നടത്തിയ - ബ്ലോക്ക് ഓഫീസിനാവശ്യമായ സാധനങ്ങൾ വാങ്ങൽ(61/16) - എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചിട്ടുണ്ട്. റബ്കോയിൽ നിന്ന് ചെയർ,

ടേബിൾ, ഷെൽഫ് എന്നിവ വാങ്ങുന്നതിനായി 670641രൂപ (ബിൽ നം.-8/29.7.15) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ 150 ചെയറുകൾ നിലവിൽ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന്റെ മുകൾനിലയിൽ ഉപയോഗിക്കപ്പെടുത്താതെ അവശേഷിക്കുന്നു. മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാവുന്നതല്ല എന്ന് വിനിയോഗമാർഗരേഖയിൽ ( G.O(M.S)330/9.12.14) വ്യക്തമാക്കിയിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് വേണ്ടി മാത്രം ചെലവഴിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് ബ്ലോക്ക് പഞ്ചായത്തിന് ഫർണ്ണീച്ചർ വാങ്ങുന്നതിനായി ചെലവഴിച്ചത് ക്രമപ്രകാരമല്ല. ചെലവ് തുക 670641 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ പദ്ധതി- ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് - കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ (123/16)

അടങ്കൽ - 230764 (മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് - 227359

ബിൽ നം - 14 / 31.10.15

നിർവഹണം - സെക്രട്ടറി

കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ പദ്ധതി പ്രകാരം തൻവർഷം 227359 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം - 1/4.2.17& 7 /8.2.17 എന്നിവ മുഖേന രേഖകൾ ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളും - 1997 ലെ ചട്ടം 12(1) പ്രകാരം *'രേഖകളും കണക്കും സെക്രട്ടറി നൽകേണ്ടതാണ് . രേഖകളും കണക്കും നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ എത്താവുന്നതുമാണ് '*. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 227359 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധഉപകരണങ്ങളുടെയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. Cicular no. 86/10/Fin /24.9.10 ൽ നിഷ്കർഷിച്ച പ്രകാരം കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കമ്പ്യൂട്ടറുകളുടെ കോൺഫിഗറേഷൻ, ബ്രാന്റ്, ഗ്യാരന്റി, സോഫ്റ്റ് വെയർ, ലൈസൻസ് എന്നിവയുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും 6 മാസത്തിലൊരിക്കൽ പുതുക്കേണ്ടതുമാണ്.

## **3-21** ഭവനനിർമ്മാണം പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2015-16 ൽ IAY ഭവനപദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ പകുതിയോളം പേരും സമയപരിധിയായ 2 വർഷത്തിനകം ഭവനം പൂർത്തിയാക്കിയിട്ടില്ല. ഇതിൽ 20 പേർ ആദ്യഗഡു മുൻകൂറായി കൈപ്പറ്റിയശേഷം തുടർപ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല എന്നും കാണുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തവരിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

| പഞ്ചായത്ത് | ആകെ ഗുണഭോക്താക്കൾ | ഭവനം പൂർത്തിയാക്കിയവർ |
|---|---|---|
| കാഞ്ഞിരപ്പുഴ | 96 | 49 |
| കോട്ടോപ്പാടം | 98 | 60 |
| കരിമ്പ | 67 | 50 |
| കുമരംപുത്തൂർ | 107 | 92 |
| തച്ചമ്പാറ | 16 | 11 |
| തച്ചനാട്ടുകര | 58 | 39 |
| തെങ്കര | 75 | 31 |
| | 517 | 332 |

IAY പദ്ധതി ഫയലിൽ പൂർണ്ണമായ രേഖകൾ (stage certificate, photo ) സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് മുൻപ് ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടില്ല എന്ന് നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ തറവിസ്തീർണ്ണം രേഖപ്പെടുത്തി വി.ഇ.ഒ.സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃരജിസ്റ്ററിലെ രേഖപ്പെടുത്തലുകളും അപൂർണ്ണമാണ്. രേഖകൾ കൃത്യമായി സൂക്ഷിക്കുന്നു എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 3-22 സമ്പൂർണ്ണശുചിത്വമിഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

സമ്പൂർണ്ണശുചിത്വമിഷൻ പദ്ധതിക്കായുള്ള വിജയബാങ്ക് അക്കൗണ്ട് നം - 14166 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

മുന്നിരിപ്പ് - 884257

ഡെപ്പോസിറ്റ് - 1827689

ചെലവ് - 574580

നീക്കിയിരുപ്പ് - 2137366

ഓഡിറ്റ് എൻക്വയറി നം - 1/4.2.17& 2 /7.2.17 എന്നിവ മുഖേന രേഖകൾ ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കുകയോ വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് / മുൻസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളും - 1997 ലെ ചട്ടം 12(1) പ്രകാരം രേഖകളും കണക്കും സെക്രട്ടറി നൽകേണ്ടതാണ്. രേഖകളും കണക്കും നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ എത്താവുന്നതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 574580 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 പോഷാകാഹാര പദ്ധതി-കേന്ദ്രവിഹിതം ചെലവഴിക്കാതെ തനത്ഫണ്ടിൽ നിക്ഷേപിച്ചു

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ നിലവിൽ 1750139 രൂപ ചെലവഴിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| വർഷം | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 2007-08 | 694998 | 127325 | 567673 |
| 2008-09 | 1004140 | - | 1571813 |
| 2009-10 | 1850311 | - | ചെലവ് വിവരം ലഭ്യമായില്ല |
| 2010-11 | 2536213 | - | “ |
| 2011-12 | 538393 | 1114135 | 4393464 |
| 2012-13 | 940848 | 118238 | 5216074 |
| 2013-14 | - | 1742894 | 3473180 |

| | | | |
|---|---|---|---|
| 2014-15 | - | 576235 | 2896945 |
| 2015-16 | - | 1146806 | 1750139 |

പൂരകപോഷകാഹാരപദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്രഫണ്ട് സമയപരിധിക്കകം തന്നെ പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 വ്യവസായ വികസന ഓഫീസർ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ചെറുകിട വ്യവസായരംഗം പ്രോത്സാഹിപ്പിക്കുന്നതിനായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, എസ്.എസ്.ഐ യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ ഉൾപ്പെടുന്നുണ്ട്. എന്നാൽ 2015 -16 വർഷത്തിൽ വ്യവസായ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള

ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസനഫണ്ട്

ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം തിരിച്ചടച്ച തുകയുടെയും നീക്കിയിരുപ്പിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക(മുതലും പലിശയും ഉൾപ്പെടെ) |
|---|---|---|
| EMS loan<br>palakkad district co-op. bank) | 23106500 | 3000000 |
| IAY loan<br>(mannarkad rural | - | 500000( principal -326892 & int.-173108) |

| | | |
|---|---|---|
| service co-op bank) | | |

ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും ലോൺ സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 4-5 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 225601964 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 218975528 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 287518 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3446620 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവു | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | ന്നവ | | |
| 3-1 | | 255335 | ശ്രീ.സി.അനിലകുമാരൻ<br>എ.എക്സ്.ഇ |
| 3-2 | | 850 | “ |
| 3-17 | | 31333 | ശ്രീ.മോഹനകുമാരൻ.എം<br>സെക്രട്ടറി |
| | | 287518 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 1834140 | ശ്രീ.ഇസ്സുദ്ദീൻ.പി.പി<br>എസ്.സി.ഡി.ഒ |
| 3-15 | 139900 | ശ്രീ.ഇസ്സുദ്ദീൻ.പി.പി<br>എസ്.സി.ഡി.ഒ |
| 3-18 | 670641 | ശ്രീ.മോഹനകുമാരൻ.എം<br>സെക്രട്ടറി |
| 3-19 | 227359 | ശ്രീ.മോഹനകുമാരൻ.എം<br>സെക്രട്ടറി |
| 3-22 | 574580 | ശ്രീ.അനീഷ്.ജെ.ആലക്കപ്പള്ളി<br>സെക്രട്ടറി |
| | 3446620 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മോഹനകുമാരൻ.എം<br>സെക്രട്ടറി | ലഭ്യമായില്ല | കൃഷ്ണകൃപ, മുണ്ടേല പോസ്റ്റ്, വെള്ളനാട്, തിരുവനന്തപുരം |
| ശ്രീ.സി.അനിലകുമാരൻ<br>എ.എക്സ്.ഇ | എ.എക്സ്.ഇ. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്. | ചരപ്പറമ്പിൽ ഹൗസ്<br>കാറൽമണ്ണ<br>ചെർപ്പുളശ്ശേരി |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.പി.8/998/02/ 02.03.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു. |
| 1999-00 | എൽ.എഫ്.പി.8/1090/03/ 15.11.03 | " " |
| 2000-01 | എൽ.എഫ്.പി.8/530/05/ 05.04.06 | " " |
| 2001-02 | എൽ.എഫ്.പി.8/530/05/ 06.11.07 | " " |
| 2002-03 | എൽ.എഫ്.പി.8/1349/07/ 06.11.07 | " " |
| 2003-04 | എൽ.എഫ്.പി.8/1350/07/ 06.11.07 | " " |
| 2004-05 | എൽ.എഫ്.പി.8/1351/07/ 06.11.07 | " " |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.പി.8/1352/07/ 06.11.07 | “ “ |
| 2006-07 | എൽ.എഫ്.പി.8/1353/07/ 06.11.07 | “ “ |
| 2007-08 | എൽ.എഫ്.പി.8/1354/07/ 06.11.07 | “ “ |
| 2008-09 | എൽ.എഫ്.പി.8/1340/11/ 16.12.11 | “ “ |
| 2009-10 | എൽ.എഫ്.പി.8/1340/11/ 16.12.11 | “ “ |
| 2010-11 | എൽ.എഫ്.പി.8/1523/14/ 03.06.15 | “ “ |
| 2011-12 | എൽ.എഫ്.പി.8/1523/14/ 03.06.15 | “ “ |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.8/1103/15/04.12.15 | “ |
| 2013-14 | | |
| 2014-15 | .കെ.എസ്.എ.പി.കെ.ഡി.8-382/16 / 2.4.16 | ഫർദർ റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.